(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ എന്തെല്ലാമാണ്;

(സി) സമിതിയുടെ നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനെക്കുറിച്ച് വിശദമായ ഒരു അന്വേഷണം നടത്തുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമിതിയുടെ പ്രധാന നിഗമനങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) നിയമസഭാ സമിതിയുടെ നിഗമനങ്ങളിൽ പരാമർശിക്കുന്ന വിഷയങ്ങൾ ഉൾപ്പെടുത്തി ഒരു വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ വിജിലൻസ് വകുപ്പിൽനിന്നും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്പേസ് എന്ന സ്ഥാപനത്തെപ്പറ്റിയുള്ള ആരോപണം തെറ്റാണെന്ന് സമിതി കണ്ടെത്തിയതിനാൽ സമിതയുടെ 4-ാം നിഗമനത്തിൽ നടപടി ആവശ്യമില്ലായെന്നും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഈ വിഷയം സംബന്ധിച്ച് സർക്കാർ നിർദ്ദേശപ്രകാരം വി.ഇ.2/2012/എസ്.ഐ.യു. II, വി.ഇ.1/2012/എസ്.ഐ.യു. II എന്നീ നമ്പറുകൾ പ്രകാരം 2 വിജിലൻസ് അന്വേഷണങ്ങൾ നടത്തിയിരുന്നു. അതിൽ വി.ഇ.2/2012/എസ്.ഐ.യു. II എന്ന നമ്പർ അന്വേഷണം പൂർത്തിയായിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ പോലീസ് സൂപ്രണ്ടിന് അനുമതി നൽകിയിട്ടുണ്ട്.

പ്രൊഫഷണൽ കോഴ്സ് അഡ്മിഷൻ

107 (1143) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പ്രൊഫഷണൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ടോ ; ഇതുസംബന്ധിച്ച ഉത്തരവിന്റെ വിശദാംശം നല്കുമോ ; മിനിമം മാർക്ക് സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

19-1-2015-ലെ ജി.ഒ.(എംഎസ്.)15/2015/ഉ.വി.വ. ഉത്തരവ് പ്രകാരം എഞ്ചിനീയറിംഗ്/മെഡിക്കൽ കോഴ്സുകളിലേയ്ക്കുള്ള അഡ്മിഷന് മിനിമം മാർക്ക് നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.* മിനിമം മാർക്ക് സമ്പ്രദായം അവസാനിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ബി.ടെക് കോഴ്സ്

108 (1144) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഏതെല്ലാം കോഴ്സുകൾ ആണ് നിലവിലുള്ളത് ;

(ബി) ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി എന്ന് വ്യക്തമാക്കുമോ ;

(സി) അടുത്ത അദ്ധ്യയന വർഷം വിദ്യാർത്ഥികളെ പ്രസ്തുത കോഴ്സിൽ പ്രവേശിപ്പിക്കുന്ന രീതിയിൽ കോഴ്സിന് സാമ്പത്തികാനുമതി നൽകുമോ ; വിശദമാക്കുമോ ?

ഉത്തരം

(എ) കമ്പ്യൂട്ടർ സയൻസ് എഞ്ചിനീയറിംഗ്, ഇൻഫർമേഷൻ ടെക്നോളജി എഞ്ചിനീയറിംഗ്, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് എന്നീ ബ്രാഞ്ചുകളിൽ ബി.ടെക് കോഴ്സും കമ്പ്യൂട്ടർ സയൻസ് ബ്രാഞ്ചിൽ കമ്പ്യൂട്ടേഷൻ ലിംഗ്വിസ്റ്റിക്സ് എന്ന എം.ടെക്ക് കോഴ്സും നിലവിൽ ഉണ്ട്.

(ബി&സി) ശ്രീകൃഷ്ണപുരം സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് ബി.ടെക് കോഴ്സ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly